## കാറ്റഗറി നമ്പർ : 419/2021 - 420/2021

## മൂന്നാം എൻ.സി.എ വിജ്ഞാപനം

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും മാത്രം ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്.

1 വകുപ്പ് : കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസം

2 ഉദ്യോഗപ്പേര് : ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) അറബിക്

വിശദീകരണം:ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ (ജൂനിയർ)എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പാർട്ട്-ടൈം ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക തസ്തിക എന്നാണ്.

3 ശമ്പളം : ₹45600-95600/-

4 ഒഴിവുകളുടെ എണ്ണം : പട്ടിക ജാതി -04 (നാല്) - **കാറ്റഗറി നമ്പർ : 419/2021**
പട്ടികവർഗ്ഗം - 01 (ഒന്ന്) - **കാറ്റഗറി നമ്പർ : 420/2021**

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടിക ഈ തസ്തികയുടെ 03/06/2014 തീയതിയിൽ നിലവിൽ വന്ന മാതൃ റാങ്ക് പട്ടികയുടെ (ഗസറ്റ് തീയതി - 31.12.2010, കാറ്റഗറി നമ്പർ 446/2010) കാലയളവിൽ പട്ടിക ജാതി, പട്ടിക വർഗ്ഗ സമുദായങ്ങൾക്കുവേണ്ടി നീക്കിവെച്ചിട്ടുള്ളതും എന്നാൽ ആ സമുദായങ്ങളിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വന്നതുമായ ഒഴിവുകളിലേക്ക് നിയമനശിപാർശയും നിയമനവും നടത്തുന്നതുവരെയോ നിലവിൽ വരുന്ന തീയതി മുതൽ 3 വർഷം വരെയോ ഏതാണോ ആദ്യം അതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.ഗസറ്റ് തീയതി 11.11.2016 ലെ കാറ്റഗറി നമ്പർ.371/2016,372/2016 പ്രകാരമുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനം, ഗസറ്റ് തീയതി.10.05.2018 ലെ കാറ്റഗറി നമ്പർ.37/2018,38/2018 പ്രകാരമുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനം എന്നിവയ്ക്കു ശേഷവും അതാത് സംവരണ സമുദായത്തിൽ നിന്നുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്തതിനാലാണ് മൂന്നാം എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (പട്ടിക ജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).
കാറ്റഗറി നമ്പർ: (**കാറ്റഗറി നമ്പർ : 419/2021**) പട്ടികജാതി വിഭാഗം (പട്ടികജാതി വിഭാഗത്തിൽപെട്ട ഉദ്യോഗാർത്ഥി-കളിൽ നിന്നു മാത്രം.

കാറ്റഗറി നമ്പർ: (**കാറ്റഗറി നമ്പർ : 420/2021**) പട്ടികവർഗ്ഗ വിഭാഗം (പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ഉദ്യോഗാർത്ഥി- കളിൽ നിന്നു മാത്രം.

കുറിപ്പ്:-
ഈ വിജ്ഞാപന പ്രകാരം മേൽപ്പറഞ്ഞ സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായപരിധി** : 20-45. ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.2001 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) -ലെ ആനുകൂല്യം ഉൾപ്പെടെ].

**കുറിപ്പ്:** വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 നോക്കുക. ഖണ്ഡിക 2(i)ഒഴികെ.

**7. യോഗ്യതകൾ** : 1.കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നും 45% മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള യോഗ്യതയോ നേടിയിരിക്കണം (13.11.2015 ലെ G.O(MS)No.288/15/Gl.Edn നമ്പർ സർക്കാർ ഉത്തരവ് പ്രകാരം).

2 (i) കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി.എഡോ കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം.

(ii) ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ് ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ നേടിയ ബി.എഡ് ബിരുദം. [B.Ed. Degree acquired in the concerned faculty as specified in the Acts and statutes of any of the Universities in Kerala]

(iii) മുകളിൽ സൂചിപ്പിച്ച ഇനം i-ലും ii -ലും പരാമർശിക്കുന്ന ബി.എഡ് ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ, കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ഏതെങ്കിലും ഒരു വിഷയത്തിൽ നേടിയ ബി.എഡ് ബിരുദമോ അല്ലെങ്കിൽ

കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ഇതിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടായിരിക്കണം.

3. കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിനായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസ്സായിരിക്കണം.

കുറിപ്പ് :

1. KS & SSR പാർട്ട് II റൂൾ 10 (a) ii ബാധകമാണ്.
2. ബി.എഡ് ബിരുദ യോഗ്യതയുള്ളവരുടെ അഭാവത്തിൽ 45% മാർക്കിൽ കുറയാതെയുള്ള ബിരുദാനന്തര ബിരുദവും സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റും (സെറ്റ്) പാസ്സായ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്. പി.എച്ച്.ഡി ബിരുദമോ എം.ഫിൽ ബിരുദമോ നേടിയിട്ടുള്ളവർക്കും ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ്/നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (നെറ്റ്) യോഗ്യതയോ നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്കും മുൻഗണന നൽകുന്നതാണ്. ഈ വ്യവസ്ഥപ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകർ നിയമിക്കപ്പെടുന്ന തീയതി മുതൽ അഞ്ചു വർഷത്തിനുള്ളിൽ സ്വന്തം ചെലവിൽ ബി.എഡ് ബിരുദം നേടിയിരിക്കണം.
3. ലാംഗ്വേജ് ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് പാസ്സായിട്ടുള്ള ഉദ്യോഗാർത്ഥികളെ ബി.എഡ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
4. കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ് ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ ബി.എഡ് യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
5. വിജ്ഞാപന പ്രകാരമുള്ള യോഗ്യതയുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന തത്തുല്യത സർട്ടിഫിക്കറ്റ്/ സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.
6. ഉദ്യോഗാർത്ഥി അപേക്ഷയിൽ ശരിയായ ജാതി/സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്ന് വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണപരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

**പ്രത്യേക ഇളവുകൾ**

1. കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സ്റ്റേറ്റ് ലെവൽ എലിജിബിലിറ്റി ടെസ്റ്റ് (SLET)ജയിച്ച ഉദ്യോഗാർത്ഥികളെ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിന്

നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (SET) ജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2.നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (NET)പരീക്ഷയോ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

3. പി.എച്ച്.ഡി/എം.എഡ്/ കേരളത്തിലെ ഏതെങ്കിലും ഒരംഗീകൃത സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ നേടിയ എം.ഫിൽ അല്ലെങ്കിൽ തത്തുല്യയോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ജയിച്ചിരിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

4. പൊതു വിദ്യാഭ്യാസ വകുപ്പ് സബോർഡിനേറ്റ് സർവ്വീസിലെ ഹൈസ്കൂൾ തലത്തിൽ പത്തു (10)വർഷത്തെ അംഗീകൃത അദ്ധ്യാപനപരിചയം പൂർത്തിയാക്കിയ അദ്ധ്യാപകരെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസ്സാകണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കുന്നതാണ്.

**8. അപേക്ഷ സമർപ്പിക്കേണ്ട രീതി**

(എ) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2011-ന് ശേഷം എടുത്തതായിരിക്കണം ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പണത്തിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ Soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ**

**'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ Print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(ബി) ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് / ഒ.എം.ആർ / ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷ തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും, അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

(സി) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് Confirmation നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ KPSC Rules of Procedure, Rule 22 പ്രകാരം ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

9 **അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 03.11.2021 ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ**

10 **അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റ് : www.keralapsc.gov.in**

11 (ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് പാർട്ട് - 2 ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ കൂടി നോക്കുക )

**സാജു ജോർജ്ജ്**

**സെക്രട്ടറി**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**